എ.വൈ.ആർ

## സൂറഃ-9

# അത്തൗബ

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَكُونُوا۟ مَعَ ٱلصَّٰدِقِينَ ﴿١١٩﴾

مَا كَانَ لِأَهْلِ ٱلْمَدِينَةِ وَمَنْ حَوْلَهُم مِّنَ ٱلْأَعْرَابِ أَن يَتَخَلَّفُوا۟ عَن رَّسُولِ
ٱللَّهِ وَلَا يَرْغَبُوا۟ بِأَنفُسِهِمْ عَن نَّفْسِهِۦ ۚ ذَٰلِكَ بِأَنَّهُمْ لَا يُصِيبُهُمْ ظَمَأٌ وَلَا
نَصَبٌ وَلَا مَخْمَصَةٌ فِى سَبِيلِ ٱللَّهِ وَلَا يَطَـُٔونَ مَوْطِئًا يَغِيظُ ٱلْكُفَّارَ وَلَا
يَنَالُونَ مِنْ عَدُوٍّ نَّيْلًا إِلَّا كُتِبَ لَهُم بِهِۦ عَمَلٌ صَٰلِحٌ ۚ إِنَّ ٱللَّهَ لَا يُضِيعُ
أَجْرَ ٱلْمُحْسِنِينَ ﴿١٢٠﴾

وَلَا يُنفِقُونَ نَفَقَةً صَغِيرَةً وَلَا كَبِيرَةً وَلَا يَقْطَعُونَ وَادِيًا
إِلَّا كُتِبَ لَهُمْ لِيَجْزِيَهُمُ ٱللَّهُ أَحْسَنَ مَا كَانُوا۟ يَعْمَلُونَ ﴿١٢١﴾

**119.** അല്ലയോ സത്യവിശ്വാസികളേ, അല്ലാഹുവിനോട് ഭയഭക്തിയുള്ളവരാകുവിൻ. സത്യവാന്മാരോടൊപ്പം വർത്തിക്കുകയും ചെയ്യുവിൻ.

**120.** മദീനാവാസികൾക്കും പരിസര പ്രദേശങ്ങളിലുള്ള ബദവികൾക്കും, ദൈവദൂതനിൽനിന്ന് പിന്മാറി വീട്ടിലിരിക്കുന്നതും അദ്ദേഹത്തെ അവഗണിച്ച് സ്വന്തം കാര്യം ചിന്തിക്കുന്നതും ഒട്ടും ഭൂഷണമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ മാർഗത്തിൽ സഹിക്കുന്ന പശിദാഹങ്ങളും പീഡനങ്ങളും, ദൈവധിക്കാരികളെ രോഷം കൊള്ളിക്കുന്ന വിധത്തിൽ നടത്തുന്ന ഓരോ ചുവടുവെപ്പും ശത്രുക്കളിൽനിന്നു നേടുന്ന ഏതു വിജയവും അവരുടെ പേരിൽ സൽകർമമായി എഴുതപ്പെടാതിരിക്കുന്നില്ല. സജ്ജനങ്ങളുടെ സേവനഫലം അല്ലാഹു ഒരിക്കലും പാഴാക്കുന്നതല്ല.

**121.** അതേപ്രകാരം, ചെറുതാവട്ടെ വലുതാവട്ടെ ദൈവമാർഗത്തിൽ ധനം ചെലവഴിക്കുന്നതും ദീനി സേവനാർഥം താഴ്‌വരകൾ താണ്ടുന്നതുമെല്ലാം അവരുടെ പേരിൽ സൽകർമമായി രേഖപ്പെടുത്തുന്നുണ്ട്; അവർ ചെയ്തുകൊണ്ടിരുന്ന വിശിഷ്ട കർമങ്ങൾക്ക് അല്ലാഹു പ്രതിഫലം നൽകുന്നതിനുവേണ്ടി.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟= അല്ലയോ വിശ്വാസികളായവരേ ٱتَّقُوا۟ ٱللَّهَ= നിങ്ങൾ അല്ലാഹുവിനോട് ഭയഭക്തിയുള്ളവരാകുവിൻ

وَكُونُوا۟= നിങ്ങൾ ആകുകയും (വർത്തിക്കുകയും) ചെയ്യുവിൻ مَعَ ٱلصَّٰدِقِينَ= സത്യവാന്മാരോടൊപ്പം

مَا كَانَ لِأَهْلِ ٱلْمَدِينَةِ= മദീനാ വാസികൾക്ക്(ഒട്ടും) ഭൂഷണമായിരുന്നില്ല

وَمَنْ حَوْلَهُم= അവർക്ക് ചുറ്റുമുള്ള(പരിസരപ്രദേശങ്ങളിൽ ഉള്ളവർക്കും) مِّنَ ٱلْأَعْرَابِ= ഗ്രാമീണ അറബികളിൽ(ബദവികൾക്കും)

أَن يَتَخَلَّفُوا۟= അവർ പിന്മാറി(വീട്ടിൽ)ഇരിക്കുന്നത് عَن رَّسُولِ ٱللَّهِ= ദൈവദൂതനിൽനിന്ന്

وَلَا يَرْغَبُوا۟ بِأَنفُسِهِمْ= അവർ തങ്ങളെത്തന്നെ ആഗ്രഹിക്കരുത്(സ്വന്തംകാര്യം ചിന്തിക്കുന്നതും)

عَن نَّفْسِهِۦ= അദ്ദേഹത്തിന്റെ ജീവനിൽ(കാര്യത്തിൽ)വിമുഖരായി(അദ്ദേഹത്തെ അവഗണിച്ച്)

ദാഹം = ظَمَأٌ അവരെ ബാധിക്കുന്നില്ല(അവർ സഹിക്കുന്നു) =لَا يُصِيبُهُمْ അതെന്തുകൊണ്ടെന്നാൽ അവർ =ذَٰلِكَ بِأَنَّهُمْ

വിശപ്പും(പശിയും സഹിക്കുന്നില്ല) =وَلَا مَخْمَصَةٌ ക്ലേശം, പീഡനവും(സഹിക്കുന്നില്ല) =وَلَا نَصَبٌ

അവർ ചവിട്ടുന്നില്ല, ചുവട് വെക്കുന്നില്ല =وَلَا يَطَـُٔونَ അല്ലാഹുവിന്റെ മാർഗത്തിൽ =فِى سَبِيلِ ٱللَّهِ

ദൈവധിക്കാരികളെ രോഷംകൊള്ളിക്കുന്ന വിധത്തിൽ =يَغِيظُ ٱلْكُفَّارَ ഒരു ചുവടും, ഒരു സ്ഥലത്തും =مَوْطِئًا

ഒരു(ഏതു) നേട്ടവും = نَّيْلًا ശത്രുവിൽനിന്ന് =مِنْ عَدُوٍّ അവർ നേടുന്നില്ല(നേടുന്ന) =وَلَا يَنَالُونَ

അതുകൊണ്ട്, അതിനെ = بِهِۦ അവർക്ക്(രുടെ പേരിൽ) =لَهُم എഴുതപ്പെട്ടിട്ടൊഴിച്ച്(എഴുതപ്പെടാതിരിക്കുന്നില്ല) =إِلَّا كُتِبَ

അവൻ(ഒരിക്കലും)പാഴാക്കുന്നതല്ല =لَا يُضِيعُ നിശ്ചയം അല്ലാഹു =إِنَّ ٱللَّهَ ഒരു സൽകർമം(ആയിട്ട്) =عَمَلٌ صَٰلِحٌ

സുകൃതവാന്മാരുടെ, സജ്ജനങ്ങളുടെ =ٱلْمُحْسِنِينَ പ്രതിഫലം(സേവന ഫലം) =أَجْرَ

(ദൈവമാർഗത്തിലുള്ള) ധനവ്യയമായിട്ട് =نَفَقَةً അവർ (ധനം) ചെലവഴിക്കുന്നില്ല(ചെലവഴിക്കുന്നതും) =وَلَا يُنفِقُونَ

വലുത് ആയിട്ടും ഇല്ല (വലുതാവട്ടെ) =وَلَا كَبِيرَةً ചെറുത് ആയി(ആവട്ടെ) =صَغِيرَةً

ഒരു താഴ്‌വര, (താഴ്‌വരകൾ) =وَادِيًا അവർ മുറിച്ചു കടക്കുന്നില്ല(ദീനീ സേവനാർഥം താണ്ടുന്നതും) =وَلَا يَقْطَعُونَ

അവരുടെ പേരിൽ എഴുതപ്പെട്ടിട്ടല്ലാതെ(സൽകർമമായി രേഖപ്പെടുത്തുന്നുണ്ട്) =إِلَّا كُتِبَ لَهُمْ

അല്ലാഹു അവർക്ക് പ്രതിഫലം നൽകാൻ =لِيَجْزِيَهُمُ ٱللَّهُ

അവർ ചെയ്തുകൊണ്ടിരുന്ന ഏറ്റവും നല്ലതിന് (വിശിഷ്ട കർമങ്ങൾക്ക്) =أَحْسَنَ مَا كَانُوا۟ يَعْمَلُونَ

**119:** മുൻസൂക്തങ്ങളിലൂടെ വിശ്വാസികളെ സംസ്കരണത്തിന്റെയും ശുദ്ധീകരണത്തിന്റെയും സ്നാനം ചെയ്തശേഷം മേലിൽ പാപങ്ങളുടെയും കാപട്യത്തിന്റെയും അഴുക്കുപുരളാതിരിക്കാൻ ചില സാരോപദേശങ്ങൾ നൽകുകയാണ്. വിശ്വാസികൾ സദാ അല്ലാഹുവിനോട് ഭക്തിയുള്ളവരായിരിക്കണം എന്നതാണ് ഒന്നാമത്തേത്. അല്ലാഹുവിലുള്ള ഭക്തി, അവന്റെ സംരക്ഷണയിലും കാരുണ്യത്തിലുമുള്ള പ്രതീക്ഷ, അവന്റെ കോപത്തിലും ശിക്ഷയിലുമുള്ള ഭയം എന്നിവയാണ് വിശ്വാസിയുടെ വിചാരത്തെയും വചനത്തെയും കർമത്തെയും നയിക്കുന്നത്. അങ്ങനെ നയിക്കപ്പെടുന്നവർ കാപട്യത്തിന്റെയും പാപത്തിന്റെയും ഗർത്തങ്ങളിൽ ആണ്ടുപോവുകയില്ല. വല്ലപ്പോഴും അടിപതറിയാൽ തന്നെ ഈമാൻ അവരെ വളരെ വേഗം അതിൽനിന്നു വീണ്ടെടുക്കും. രണ്ടാമത്തേത് സജ്ജന സമ്പർക്കമാണ്.

ٱلصَّٰدِقِينَ എന്ന മൂലപദത്തെ സത്യവാന്മാർ എന്നാണ് തർജമ ചെയ്തിട്ടുള്ളത്. സംസാരിക്കുകയാണെങ്കിൽ സത്യംപറയുന്നവർ എന്നു മാത്രമല്ല അതിനർഥമുള്ളത്. സത്യമായ വാക്കും വാക്കിനെ സത്യപ്പെടുത്തുന്ന കർമവും സ്വഭാവമാക്കിയവർ എന്നുകൂടി അർഥമുണ്ട്. ഇവിടെ അതാണു ഉദ്ദേശ്യം. ഇതനുസരിച്ച് منافقين ന്റെ വിപരീതപദമാണ് صادقين.

ഇവിടെ സത്യവാന്മാരോടുള്ള സമ്പർക്കം എടുത്തുപറഞ്ഞതിന് ഈ സൂക്തങ്ങളുടെ അവതരണ പശ്ചാത്തല സംഭവവുമായി ബന്ധമുണ്ട്. വേണമെങ്കിൽ മറ്റുള്ളവരെപ്പോലെ കുറ്റം സമ്മതിക്കുകയോ നിഷേധിക്കുകയോ ചെയ്ത ദുർബലമോ വ്യാജമോ ആയ എന്തെങ്കിലും ഒഴികഴിവുകൾ പറഞ്ഞ് ഈ മൂന്നുപേർക്കും കഠിനമായ അച്ചടക്ക നടപടിയിൽ നിന്നു രക്ഷപ്പെടാമായിരുന്നു. അതിനു തുനിയാതെ സത്യം പറഞ്ഞ് കൊടിയ ദുരിതം ഏറ്റുവാങ്ങുകയാണവർ ചെയ്തത്. സത്യത്തിന്റെ പേരിൽ സഹിക്കേണ്ടി വരുന്ന ക്ലേശങ്ങൾ ഈ ജീവിതത്തിൽ തങ്ങളുടെ വ്യക്തിത്വത്തിനു മാറ്റും മഹത്വവും വർധിപ്പിക്കുമെന്നും, ദുരിതങ്ങൾക്ക് പകരമായി പരലോക ജീവിതത്തിൽ അനേകമിരട്ടി സുഖസൗഭാഗ്യങ്ങൾ ലഭിക്കുമെന്നും അവരാശിച്ചു. നേരത്തെ കഅ്ബുബ്നു മാലികിൽനിന്ന് ഉദ്ധരിച്ച നിവേദനത്തിൽ ഒരിടത്ത് ഇങ്ങനെ പറയുന്നുണ്ട്: ഞാൻ(കഅ്ബ്) നബി(സ)യെ അറിയിച്ചു. "എന്റെ ധനമത്രയും അല്ലാഹുവിനും റസൂലിനും സ്വദഖയായി ഒഴിവാക്കുക എന്നത് എന്റെ തൗബയുടെ ഭാഗമാകുന്നു." നബി(സ) പറഞ്ഞു: "സ്വത്തിന്റെ കുറെ ഭാഗം കൈവശംവെക്കുന്നതാണ് നിങ്ങൾക്ക് നല്ലത്." ഞാൻ പറഞ്ഞു: ''ഖൈബറിൽനിന്ന് കിട്ടിയ വിഹിതം ഞാൻ കൈവശംവെക്കുന്നുണ്ട്. തിരുദൂതരേ, സത്യസന്ധതയുടെ പേരിലാണ് അല്ലാഹു എന്നെ രക്ഷിച്ചത്. ഞാൻ ഉള്ളേടത്തോളം കാലം സത്യമല്ലാതൊന്നും സംസാരിക്കാതിരിക്കുക എന്റെ തൗബയുടെ ഭാഗമാണ്." അദ്ദേഹം തുടരുന്നു: "അല്ലാഹുവാണ, അന്നുമുതൽ എന്നെക്കാൾ ഭംഗിയായി സംസാരത്തിലെ സത്യസന്ധതകൊണ്ട് അല്ലാഹു പരീക്ഷിച്ച മറ്റാരെയും എനിക്കറിയില്ല. അല്ലാഹുവാണ, അന്നുമുതൽ ഇന്നുവരെ ഒരു കളവും മനഃപൂർവം ഞാൻ പറഞ്ഞിട്ടില്ല. ഇനിയുള്ളകാലത്തും അല്ലാഹു കാക്കുമെന്നാശിക്കുന്നു."

സംസാരത്തിൽ സത്യസന്ധത പുലർത്തുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും മഹത്വത്തെക്കുറിച്ചും ഉദ്ധരിക്കപ്പെട്ടിട്ടുള്ള നബിവചനങ്ങൾ നിരവധിയാണ്. ചില ഉദാഹരണങ്ങൾ: നബി(സ) പ്രസ്താവിച്ചതായി ഇബ്നു ജരീറും അബൂഹാതിമും ബൈഹഖിയും ഉദ്ധരിക്കുന്നു:

لا يصلح الكذب في جدّ ولا هزل ولا ان يعد احدكم صبيه شيئا ثمّ لا ينجزه إقرأوا ان شئتم
يا أيها الذين آمنوا اتقوا الله وكونوا مع الصادقين

(കാര്യത്തിലായാലും കളിയിലായാലും കള്ളംപറയുന്നത് നല്ലതല്ല. നിങ്ങളിലൊരുവൻ സ്വന്തം കുട്ടിക്ക് ഒരു വസ്തു വാഗ്ദാനം ചെയ്യുകയും പിന്നെ അതു പാലിക്കാതിരിക്കുകയും ചെയ്യുന്നത് കുറ്റകരമാണ്. തെളിവുവേണമെങ്കിൽ ഈ സൂക്തം പാരായണം ചെയ്തുകൊള്ളുക 'അല്ലയോ സത്യവിശ്വാസികളായവരേ, അല്ലാഹുവിനോടു ഭയഭക്തിയുള്ളവരാകുവിൻ, സത്യവാന്മാരോടൊപ്പം വർത്തിക്കുവിൻ).

നബി(സ) പ്രസ്താവിച്ചതായി ബുഖാരിയും ബൈഹഖിയും ഉദ്ധരിക്കുന്നു:

عليكم بالصدق فانه يهدى الى البرّ وهما فى الجنة وايّاكم والكذب فانه يهدى الى الفجور وهما فى النّار

(സത്യം മുറുകെപ്പിടിക്കുവിൻ. സത്യം ധർമത്തിലേക്കു നയിക്കുന്നു. അതുരണ്ടും (സത്യവും ധർമവും) സ്വർഗത്തിലാകുന്നു. അസത്യഭാഷണം ജാഗ്രതയോടെ വർജിക്കുവിൻ. അതു ദുർവൃത്തിയിലേക്കു നയിക്കുന്നു. അവരണ്ടും (അസത്യവും ദുർവൃത്തിയും) നരകത്തിലാകുന്നു).

പ്രവാചകൻ പ്രസ്താവിച്ചതായി ബൈഹഖി:

يطبع المؤمن على الخلال كلها الا الخيانة والكذب

(നല്ലതും ചീത്തയുമായ എല്ലാ സ്വഭാവങ്ങളും സത്യവിശ്വാസിയിലുമുണ്ടാകും, കള്ളം പറയലും ചതിയുമൊഴിച്ച്).

നബി(സ) ഒരു പ്രഭാഷണത്തിൽ പറഞ്ഞതായി ഇബ്നു അദിയ്യ് ഉദ്ധരിക്കുന്നു: ان اعظم الخطيئة عند الله اللسان الكاذب (അല്ലാഹുവിങ്കൽ ഏറ്റം ഭയങ്കരമായ കുറ്റം നുണപറയുന്ന നാവാകുന്നു). മൂന്നു സന്ദർഭങ്ങളിൽ മാത്രമേ ശരീഅത്ത് നുണപറയുന്നതിന് ഇളവനുവദിച്ചിട്ടുള്ളൂ. 1) ഒരു കള്ളം പറയുന്നത് പരസ്പരം വിദ്വേഷം പുലർത്തുന്നവർക്കിടയിൽ രഞ്ജിപ്പും മൈത്രിയും ഉണ്ടാക്കുന്നതിനു സഹായകമാകുമെന്ന് കണ്ടാൽ. 2) ഭാര്യയെ പ്രീതിപ്പെടുത്താൻ ഭർത്താവിനു കള്ളം പറയേണ്ടിവന്നാൽ. 3) യുദ്ധവേളയിൽ യുദ്ധ തന്ത്രത്തിന്റെ ഭാഗമായി കള്ളം പറയേണ്ടിവന്നാൽ. നബി(സ) പ്രസ്താവിച്ചതായി ഇബ്നു അബീശൈബയും അഹ്മദും ഉദ്ധരിക്കുന്നു:

كل كذب يكتب على ابن آدم الارجل يكذب فى خديعة حرب او اصلاح بين اثنين او رجل يحدث إمرأته ليرضيها

(മനുഷ്യപുത്രന്റെ ഓരോ കള്ളവും അവന്റെ പേരിൽ പാപമായി എഴുതപ്പെടുന്നു; ഒരാൾ യുദ്ധതന്ത്രത്തിന്റെ ഭാഗമായിട്ടോ, രണ്ടുപേർക്കിടയിലെ ബന്ധം നന്നാക്കുന്നതിനോ, ഭാര്യയുമായി സംസാരിക്കുമ്പോൾ അവളെ സന്തോഷിപ്പിക്കുന്നതിനു വേണ്ടിയോ പറയുന്ന കള്ളമൊഴിച്ച്).

സത്യവാന്മാരോടുള്ള സമ്പർക്കമാണ് പ്രകൃതസൂക്തം അനുശാസിക്കുന്നത്. സ്വയം സത്യസന്ധരായാൽ മാത്രം പോര. കൂട്ടുകൂടുന്നതും സഹവസിക്കുന്നതും സത്യസന്ധരും സന്മാർഗികളുമായ ആളുകളോടായിരിക്കണമെന്നാണതിന്റെ താൽപര്യം. ആളുകളുടെ സമ്പർക്കത്തിനും സഹവാസത്തിനും സ്വഭാവരൂപീകരണത്തിൽ വലിയ സ്വാധീനമുണ്ട്. തൊഴുത്തു ചാരിയാൽ ചാണകം നാറും, ചന്ദനം ചാരിയാൽ ചന്ദനം നാറും എന്നാണല്ലോ. മൂഢന്മാരോടോ കപടന്മാരോടോ സത്യനിഷേധികളോടോ സദാചാര വിരുദ്ധരോടോ മാത്രം സമ്പർക്കം പുലർത്തുന്നവർ സ്വന്തം നിലയിൽ എത്ര നല്ലവരായാലും ശരി, കാലക്രമത്തിൽ തങ്ങളുടെ ഉറ്റ ചങ്ങാതിമാരുടെ സ്വഭാവം കുറെയൊക്കെ സ്വാംശീകരിക്കാതിരിക്കില്ല. സത്യസന്ധരും ധർമനിഷ്ഠരും വിവേക ശാലികളുമായ ആളുകളുമായി ഉറ്റ സമ്പർക്കം പുലർത്തുന്ന അവിവേകികളുടെ സ്ഥിതിയും ഇതുതന്നെയാണ്. സഹവാസത്തിന്റെയും സമ്പർക്കത്തിന്റെയും ഈ ഗുണം പരിഗണിച്ചു കൊണ്ടാണ്, ദാറുൽ കുഫ്റിൽ അകപ്പെട്ട വിശ്വാസികളോട് ദാറുൽ ഇസ്ലാമിലേക്ക് ഹിജ്റ ചെയ്യാനും മദീനയുടെ പ്രാന്തപ്രദേശങ്ങളിലെ ഗ്രാമീണരോട് ഇടക്കിടെ മദീനയിൽവന്ന് അവിടത്തെ വിശ്വാസികളുമായി സമ്പർക്കം പുലർത്തി ദീനീ ശിക്ഷണങ്ങൾ നേടാനും കൽപിച്ചത്. മുൻ സൂക്തങ്ങളിൽ സൂചിപ്പിക്കപ്പെട്ട, കപടവിശ്വാസികളുടെയും ബദവികളുടെയും ആത്മീയവും ധാർമികവുമായ ന്യൂനതകളിൽ അവരുടെ ചുറ്റുപാടുകൾക്ക് വലിയ സ്വാധീനമുണ്ടായിരുന്നു. ഈ ന്യൂനതകൾ പരിഹരിക്കാനുള്ള മർഗങ്ങളിലൊന്നാണ് സത്യസന്ധരും സന്മാർഗനിഷ്ഠരുമായ വിശ്വാസികളോടുള്ള നിരന്തര സമ്പർക്കം. അകത്ത് ദൈവഭക്തി(تقوى)യും പുറത്ത് സജ്ജന സമ്പർക്ക(معية الصادقين)വും ചെകുത്താനെതിരിൽ വിശ്വാസിയുടെ ശക്തരായ കാവൽക്കാരാകുന്നു.

**120,121:** മുൻസൂക്തത്തിൽ, 'സത്യവാന്മാരോടൊപ്പം വർത്തിക്കുവിൻ' എന്നുപദേശിച്ചതിന്റെ വിശദീകരണമാണിത്. സത്യവാന്മാരോടൊപ്പം വർത്തിക്കുക എന്നാൽ ഞങ്ങൾ അവരുടെ കൂടെയാണ് എന്നവകാശപ്പെട്ടുകൊണ്ടിരിക്കുക മാത്രമല്ല. പ്രവാചകനുമായി അഥവാ ഇസ്ലാമിക നേതൃത്വവുമായി നിത്യസമ്പർക്കം പുലർത്തുകയും അദ്ദേഹത്തിന്റെ ജീവിതചര്യകൾ സ്വായത്തമാക്കുകയും അദ്ദേഹം ഏൽപിക്കുന്ന ദൗത്യങ്ങൾ ഉത്സാഹപൂർവം ഏറ്റെടുക്കുകയുമാണ് പ്രവാചകനോടൊപ്പം വർത്തിക്കൽ. അതിനൊന്നും തയാറാവാതെ സ്വന്തം കാര്യം നോക്കി വീട്ടിലിരിക്കുന്നത് യഥാർഥ സത്യവിശ്വാസികളുടെ സ്വഭാവമല്ല. അവർക്കത് ഭൂഷണവുമല്ല. പ്രവാചകൻ കൽപിക്കുന്ന ദൗത്യങ്ങളെക്കാൾ സ്വന്തം കാര്യങ്ങൾക്ക് മുൻഗണന നൽകുന്നതും വിശ്വാസികൾക്ക് ചേർന്ന നടപടിയല്ല. وَلَا يَرۡغَبُواْ بِأَنفُسِهِمۡ عَن نَّفۡسِهِۦ എന്നാണ് മൂലവാക്യം. رغبയുടെ വർത്തമാന രൂപമായ يرغبവിന്റെ ബഹുവചനമാണ് يرغبون. ഈ ക്രിയയുടെ കർമത്തിൽ بയോ فىയോ വരുമ്പോൾ അർഥം ആഗ്രഹിച്ചു, താൽപര്യമുണ്ടായി, ആഭിമുഖ്യമുണ്ടായി എന്നൊക്കെയാകുന്നു. കർമത്തിൽ عن ചേർന്നാൽ അർഥം നേരെ വിപരീതമായി. ഇവിടെ رغبക്ക് രണ്ട് കർമങ്ങൾ പറഞ്ഞ് ഒന്നിൽ بയും മറ്റേതിൽ عنഉം ചേർത്തിരിക്കുന്നു. ب ചേർന്ന കർമത്തിൽ നിമഗ്നമാവുകയും عن ചേർന്ന കർമത്തിൽ വിമുഖമാവുകയും ചെയ്യുക എന്ന അർഥത്തെയാണതുകുറിക്കുന്നത്. അതായത് സ്വന്തം കാര്യത്തിൽ മാത്രം താൽപര്യമെടുക്കുകയും പ്രവാചകന്റെ അഥവാ ദീനിന്റെ കാര്യത്തിൽ വൈമുഖ്യം പുലർത്തുകയും ചെയ്യുക.

ദീനിന്റെ താൽപര്യങ്ങൾക്ക് മറ്റെല്ലാ താൽപര്യങ്ങളെക്കാൾ മുൻഗണന നൽകുന്നത് വിഡ്ഢിത്തമോ സ്വന്തം കാര്യങ്ങൾ പാഴാക്കലോ ആയി കരുതരുത്. കാരണം അല്ലാഹുവിന്റെ മാർഗത്തിൽ ചെയ്യുന്നതെന്തും സൽകർമങ്ങളാണ്. സത്യത്തിനു വേണ്ടി നിലകൊള്ളുമ്പോൾ സഹിക്കേണ്ടി വരുന്ന എല്ലാ യാതനകളും വേദനകളും അല്ലാഹുവിങ്കൽ പ്രതിഫലാർഹമായ സൽകർമങ്ങളായി രേഖപ്പെടുത്തപ്പെടുന്നു. ഇവിടെ നഷ്ടപ്പെടുന്നതെല്ലാം അല്ലാഹുവിങ്കൽ മഹാനേട്ടങ്ങളായി തിരിച്ചുകിട്ടും. അല്ലാഹുവാകട്ടെ, സജ്ജനങ്ങളുടെ കർമഫലം ഒട്ടും പാഴാക്കിക്കളയുകയില്ല. എല്ലാം കൃത്യമായി കണക്കാക്കി പരിപൂർണമായ അളവിൽ തന്നെ നൽകുന്നതാണ്. ആകയാൽ മേലിൽ ആരും തന്നെ അപകടങ്ങളും പ്രയാസങ്ങളും ഭയന്ന് സത്യത്തിൽനിന്നും ധർമത്തിൽനിന്നും അകന്ന് അസത്യത്തിന്റെയും അധർമത്തിന്റെയും സഹയാത്രികരാകാൻ ശ്രമിക്കരുത്.

മുൻസൂക്തത്തിൽ صَّـٰدِقِينَ (സത്യവാന്മാർ) എന്നു വിശേഷിപ്പിച്ചവരെ തന്നെയാണ് ഈ സൂക്തത്തിൽ مُحۡسِنِينَ എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. നല്ലകാര്യങ്ങൾ നല്ലരൂപത്തിൽ നിർവഹിക്കുന്നവരാണ് مُحۡسِنِينَ എന്ന് *ഖുർആൻ ബോധനം* നേരത്തെ ഈ പദം വന്ന സന്ദർഭങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. ഈ രണ്ടു സൂക്തങ്ങളിലെ صَّـٰدِقِينَ ഉം مُحۡسِنِينَ ഉം ആ രണ്ടു പദങ്ങളെയും പരസ്പരം വിശദീകരിക്കുകയാണ്. നല്ലത് നല്ല പോലെ ചെയ്യുന്നവരാണ് صَّـٰدِقِينَ. സത്യം വിശ്വസിക്കുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് مُحۡسِنِينَ. സൽകർമങ്ങൾ അല്ലാഹുവിങ്കൽ പാഴായിപ്പോകാതിരിക്കാനുള്ള

ഉപാധിയാണ് إحسان എന്നുകൂടി ഈ സൂക്തം വ്യക്തമാക്കുന്നു. അതായത്, തികഞ്ഞ സത്യസന്ധതയോടെ ദൈവപ്രീതിയും ധർമസാക്ഷാത്കാരവും മാത്രം ലക്ഷ്യമാക്കി നിർവഹിക്കപ്പെടുന്ന കർമങ്ങളുടെ പ്രതിഫലമാണ് അല്ലാഹു ഉറപ്പു നൽകുന്നത്. കർമങ്ങളിൽ മറ്റു ലക്ഷ്യങ്ങളും താൽപര്യങ്ങളും കലർന്നിട്ടുണ്ടെങ്കിൽ ആ കലർപ്പിന്റെ ഏറ്റക്കുറവനുസരിച്ച് പ്രതിഫലം ക്ഷയിക്കുകയോ പാഴായിപ്പോവുകയോ ചെയ്യാം. അവർ ചവിട്ടുന്നു, ചുവടുവെക്കുന്നു എന്നാണ് يَطَـُٔونَയുടെ അർഥം. ചുവടുവെപ്പ് എന്നും ചുവടുവെക്കുന്ന സ്ഥലം എന്നും مَوْطِئًا ന് അർഥമുണ്ട്. ശത്രുവിന്റെ താൽപര്യത്തിനു ക്ഷതമേൽപിച്ചുകൊണ്ട് അവരുടെ രോഷത്തിനിടയാക്കുന്നു എന്നാണ് يَغِيظُന്റെ അർഥം. അത് ശത്രുവിന്റെ ഏതെങ്കിലും പദ്ധതി പരാജയപ്പെടുത്തിക്കൊണ്ടാവാം അവരുമായി ഏറ്റുമുട്ടിക്കൊണ്ടാവാം, അവരുടെ ഭടന്മാരെയോ വിഭവങ്ങളോ പിടികൂടിക്കൊണ്ടുമാവാം. സത്യവിരോധികളുടെ അക്രമാസക്തി ചോർത്തിക്കളയാൻ പര്യാപ്തമായ ആഘാതമേൽപിക്കുകയും വിശ്വാസികളുടെ വീര്യം വർധിപ്പിക്കുകയും ചെയ്യുന്ന തരത്തിലുള്ള സമര മുന്നേറ്റമാണ് وَلَا يَطَـُٔونَ مَوْطِئًا يَغِيظُ ٱلْكُفَّارَ എന്ന വാക്യംകൊണ്ട് ഉദ്ദേശിക്കുന്നത്.

മദീനയിലും പരിസര പ്രദേശങ്ങളിലുമുള്ള മുസ്‌ലിംകളെയാണ് സൂക്തങ്ങൾ നേരിട്ടു സംബോധന ചെയ്യുന്നതെങ്കിലും എക്കാലത്തുമുള്ള എല്ലാ മുസ്‌ലിംകളും ഇതിന്റെ സംബോധിതരാണ്. മദീനയിലും പരിസരത്തും ഉള്ള എന്നു പറഞ്ഞതിൽ അക്കാലത്തുള്ള മുഴുവൻ മുസ്‌ലിംകളും ഉൾപ്പെടുന്നു. ഇന്ന് ഇസ്‌ലാമിന്റെ വ്യാപനത്തിൽ മദീനയുടെ പരിസരം ലോകം മുഴുവനുമായി വികസിച്ചിരിക്കുന്നു. അതുപോലെ, ആരാധനാ കർമങ്ങൾ മുതൽ സൈനിക പ്രവർത്തനം വരെയുള്ള ശാരീരിക-മാനസിക പ്രയത്നങ്ങളെല്ലാം ഈ സൂക്തത്തിൽ പാരത്രിക പ്രതിഫലമർഹിക്കുന്ന സജ്ജനചര്യകളായി പ്രോത്സാഹിപ്പിക്കപ്പെട്ടിരിക്കുന്നു. ■